അടിയന്തിര ചോദ്യം

കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായി നടപ്പാക്കിയ ഓഗ്മെന്റേഷൻ സ്കീം ആരംഭിക്കാൻ നടപടി

ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായി നടപ്പാക്കിയ ഓഗ്മെന്റേഷൻ സ്കീമിൽ കെ. എസ്. ഇ. ബി. ഇലക്ട്രിക് കണക്ഷൻ നൽകാത്തതുമൂലം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് വാട്ടർ അതോറിറ്റി കെ. എസ്. ഇ. ബി.-ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ എത്ര രൂപ നൽകാനുണ്ട്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ട് നടപ്പാക്കിയാൽ കോഴിക്കോട് നഗരത്തിൽ കുടിവെള്ള വിതരണം എത്രകണ്ട് വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി എന്നാണ് പൂർത്തീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ജി) ഓഗ്മെന്റേഷൻ സ്കീം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എച്ച്) കോഴിക്കോട് നഗരത്തിൽ വർദ്ധിച്ചുവരുന്ന കുടിവെള്ള ദൗർലഭ്യം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15.2 കോടി രൂപ

(സി) 14.133 കോടി രൂപ

(ഡി) പ്രതിദിനം 18 ദശലക്ഷം ലിറ്റർ അധികം വിതരണം ചെയ്യാൻ സാധിക്കും.

(ഇ) പൂർത്തീകരിച്ചിട്ടില്ല.

(എഫ്) കെ. എസ്. ഇ. ബി.-യുടെ നിർദ്ദേശപ്രകാരം വൈദ്യുതി കണക്ഷന്റെ അലോക്കേഷൻ അനുവദിക്കുന്നതിന് നിലവിലുള്ള കുടിശ്ശിക ഇനത്തിൽ 71,29,137 രൂപ 29-6-2005-ന് ഡിമാന്റ് ഡ്രാഫ്റ്റായി കെ. എസ്. ഇ. ബി.-യിൽ അടച്ചിട്ടുണ്ട്.

(ജി) 2006 മാർച്ചിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എച്ച്) അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly